DESPATCHED
On..7/3/22.

3/3/22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1965(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 16607/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 മാർച്ച് 3**

ശ്രീമതി ഇന്ദിര ആർ.,
കുന്നംപള്ളിക്കോണം,
ചെമ്പഴന്തി പി.ഒ.,
തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
ശ്രീകാര്യം സോണൽ ഓഫീസ്,
തിരുവനന്തപുരം നഗരസഭ,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ശ്രീകാര്യം സോണൽ ഓഫീസ്,
തിരുവനന്തപുരം നഗരസഭ
തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 16/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 15/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 03/03/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ., അപ്പീൽ അധികാരി | ഹാജരായി - ഓഡിയോ<br>ഹാജരായി |

## **ഉത്തരവ്**

ശ്രീമതി ഇന്ദിര ആർ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ 5.4.2019–ന് ശ്രീകാര്യം സോണൽ ഓഫീസിൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടിവിവരം ആരാഞ്ഞ് നൽകിയ വിവരാവകാശ

അപേക്ഷയ്ക്ക് ഫയൽ നമ്പർ നൽകിയാൽ മാത്രമേ മറുപടി നൽകാൻ കഴിയുകയുള്ളു എന്ന മറുപടിയാണ് ലഭിച്ചതെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിന് എസ്.പി.ഐ.ഒ. തന്ന മറുപടി ആവർത്തിക്കുകയാണ് ചെയ്തതെന്നും ആയതിനാൽ വിവരാവകാശ നിയമത്തെ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ് :

1) 5.4.2019–ൽ ടിയാൾ നൽകിയ പരാതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും
2) ടി അപേക്ഷ നാളിതുവരെ ഏതെല്ലാം ഉദ്യോഗസ്ഥർ കൈകാര്യം ചെയ്തിട്ടുണ്ടെന്നും ടി ഉദ്യോഗസ്ഥരുടെ പേരുവിവരം അറിയിക്കണമെന്നും
3) അനധികൃത കടന്നുകയറ്റ നിർമ്മാണം നീക്കം ചെയ്യാൻ ഉത്തരവിട്ട ഉദ്യോഗസ്ഥൻ ആരാണെന്നും
4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി അനധികൃത കടന്നുകയറ്റം നീക്കം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറ്റുമായി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.10.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, പരാതി സംബന്ധിച്ചുള്ള ഫയൽ നമ്പർ ലഭ്യമാക്കിയാൽ മാത്രമേ ഫയൽ പരിശോധിച്ച് മറുപടി നൽകുന്നതിന് സാധിക്കുകയുള്ളു എന്നാണ്. ഹർജിക്കാരി 16.10.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൾ നൽകിയ വിവരാവകാശ അപേക്ഷയിന്മേൽ ഒരു മാസം കഴിഞ്ഞിട്ടും യാതൊരു വിവരവും നൽകിയില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 16.11.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷ പരിശോധിച്ച് 18.10.2021–ന് മറുപടി നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടി മറുപടി ലഭ്യമായിട്ടില്ലായെന്ന് ആരോപിച്ച് അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പടി മറുപടിയുടെ പകർപ്പ് ഒരിക്കൽ കൂടി അയയ്ക്കുന്നു എന്നാണ്.

4. ഒന്നാം എതിർകക്ഷി 12.01.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി ഇന്ദിര ആർ., 5.4.2019–ന് നൽകിയ പരാതിയെ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് 15.9.2021–ന് നഗരസഭയുടെ ശ്രീകാര്യം സോണൽ ഓഫീസിൽ നൽകിയ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ പരാതി സംബന്ധിച്ചുള്ള ഫയൽ നമ്പർ ലഭ്യമാക്കിയാൽ മാത്രമേ

ഫയൽ പരിശോധിച്ച് മറുപടി നൽകുന്നതിന് സാധിക്കുകയുള്ളുയെന്ന് മറുപടി നൽകിയിരുന്നു എന്നും എന്നാൽ മറുപടി ലഭ്യമായില്ലായെന്ന് കാണിച്ച് കക്ഷി 28.10.2021-ൽ അപ്പീൽ അപേക്ഷ നൽകിയിരുന്നതിനെ തുടർന്ന് ആദ്യം നൽകിയ മറുപടിയുടെ പകർപ്പ് സഹിതം നൽകി അപ്പീൽ അപേക്ഷ തീർപ്പ് കൽപ്പിച്ചിരുന്നു എന്നും അപേക്ഷക ഫയൽ നമ്പർ സഹിതം 3.11.2021-ൽ അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷയ്ക്ക് SZO/TP/8571/21 എന്ന നമ്പർ പ്രകാരം മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി 5.4.2019-ന് നൽകിയ പരാതിയുമായി ബന്ധപ്പെട്ട നടപടി വിവരം ആരാഞ്ഞ് 9.9.2021-ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 18.10.2021-നാണ് ഫയൽ നമ്പർ ലഭ്യമാക്കിയാൽ മാത്രമെ വിവരം നൽകുന്നതിന് സാധിക്കുകയുള്ളു എന്ന മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാത്തതും, ഹർജിക്കാരി പരാതി സമർപ്പിച്ച തീയതി വ്യക്തമായി വിവരാവകാശ അപേക്ഷയിൽ സൂചിപ്പിച്ചിരുന്ന സാഹചര്യത്തിലും ഫയൽ നമ്പർ ലഭ്യമാക്കിയാൽ മാത്രമെ മറുപടി നൽകുന്നതിന് സാധിക്കുകയുള്ളു എന്ന് ഹർജിക്കാരിയോട് ആവശ്യപ്പെട്ട് മറുപടി നൽകിയതും അപ്പീൽ മറുപടിയിൽ എസ്.പി.ഐ.ഒ. ഒപ്പിട്ട് നൽകിയതും വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് 20.3.2022-നകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. വിവരാവകാശ നിയമ പ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പാക്കുക മാത്രമല്ല നീതി നടപ്പാക്കിയെന്ന് ഉറപ്പു വരുത്തേണ്ടതിന്റെയും ഉത്തരവാദിത്വം അപ്പീൽ അധികാരിക്കുണ്ട്. ആയതിനാൽ അപ്പീൽ അധികാരി പുറപ്പെടുവിക്കുന്ന ഉത്തരവ് സ്വയം വിശദീകരിക്കുകയും തീരുമാനത്തിൽ എത്താനുണ്ടായ സാഹചര്യം

വ്യക്തമാക്കുന്നതുമാകണം. ഇക്കാര്യത്തിൽ വിവരാവകാശ അപേക്ഷയ്ക്ക് ഒരു മാസം കഴിഞ്ഞിട്ടും മറുപടി ലഭിച്ചിട്ടില്ല എന്നാണ് ഹർജിക്കാരി ഒന്നാം അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിരുന്നത്. എന്നാൽ നൽകിയ മറുപടി വസ്തുതാപരമായിരുന്നോ എന്നും ഹർജിക്കാരിക്ക് വിവരം നിഷേധിച്ചിട്ടുണ്ടോ എന്നുമുള്ള ഒരു കാര്യവും പരിശോധിക്കാതെ ഒന്നാം എതിർകക്ഷി നൽകിയ മറുപടി ഒരിക്കൽ കൂടി അയച്ചു കൊടുക്കുക മാത്രമാണ് രണ്ടാം എതിർകക്ഷി ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല. മാത്രമല്ല 16.11.2021–ന് നൽകിയ മറുപടിയിൽ അപ്പീൽ അധികാരി ഒപ്പ് വയ്ക്കാതെയും രണ്ടാം അപ്പീലധികാരിയുടെ വിലാസം, അപ്പീൽ കാലാവധി എന്നിവ ചേർക്കാതെ മറുപടി നൽകിയിട്ടുള്ളതും രണ്ടാം എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ച വീഴ്ചകളാണ്. ആയതിനാൽ ടി വീഴ്ചകൾ സംബന്ധിച്ച വിശദീകരണം 20.3.2022–നകം രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

7. 2.12.2021–ന് ഒന്നാം എതിർകക്ഷി അപേക്ഷയിലെ 11–ാം ഇനത്തിന് നൽകിയ മറുപടിയിലും ഫയൽ നമ്പർ ലഭ്യമാക്കിയാൽ മാത്രമെ മറുപടി നൽകാൻ സാധിക്കുകയുള്ളു എന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് നിയമപരമല്ലാത്തതിനാൽ അപേക്ഷയിലെ ടി ചോദ്യത്തിന് പൂർണ്ണമായ മറുപടി 20.3.2022–നകം ഹർജിക്കാരിക്ക് നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 3–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി